"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - ലീഡ്സ് പദ്ധതി 2025-26 - നിലവിലെ കരാർ ജീവനക്കാരുടെ സേവന കാലാവധി ദീർഘിപ്പിച്ചു നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു .

---

**കൃഷി (പിഎ) വകുപ്പ്**

G.O.(Rt)No.496/2025/AGRI തീയതി, തിരുവനന്തപുരം, 22-05-2025

---

പരാമർശം:-

1. 06.08.2010-ലെ സ.ഉ(കൈ)നം. 198/2010/AD
2. 26.02.2016-ലെ സ.ഉ(പി) നം.28/2016/ധന
3. 28/04/2017 ലെ സ.ഉ(പി) നം.56/2017/ധന
4. 21/07/2018 ലെ സ.ഉ.(പി) നം. 112/2018/ധന
5. 09/07/2019 ലെ സ.ഉ(പി) 81/2019/ധന
6. 11/02/2021ലെ സ.ഉ(പി) നം.29/2021/ധന
7. 02/12/2021ലെ സ.ഉ(സാധാ)നം. 974/2021/കൃഷി
8. 27.08.2022ലെ സ.ഉ(സാധാ)നം. 772/2022/കൃഷി
9. 23.09.2023ലെ സ.ഉ(സാധാ)നം. 930/2023/കൃഷി
10. 11.03.2024ലെ സ.ഉ(സാധാ)നം. 234/2024/കൃഷി
11. കൃഷി ഡയറക്ടറുടെ 11.02.2025 തീയതിയിലെ ADFW/1092/2025-കൃഷി നമ്പർ കത്ത്

**ഉത്തരവ്**

കൃഷി വകുപ്പിനു കീഴിൽ പഞ്ചായത്തുകളിലെ മാതൃക കർഷകരെ കേന്ദ്രീകരിച്ച് കാർഷിക വിജ്ഞാപന വ്യാപനം സാധ്യമാക്കുന്ന ലീഡ്സ് പദ്ധതിയ്ക്ക് പരാമർശം (1) പ്രകാരം ഭരണാനുമതി നൽകുകയും ആയത് നടപ്പാക്കുന്നതിന് കരാർ അടിസ്ഥാനത്തിൽ നിയമിച്ച ജീവനക്കാരുടെ സേവനകാലാവധി പരാമർശം (10) പ്രകാരം 2025 മാർച്ച 31 വരെ ദീർഘിപ്പിച്ചു നൽകുകയും ചെയ്തിരുന്നു.

2. ഫീൽഡ്തലത്തിൽ വിദഗ്ധ സേവനം നൽകുന്ന **99 ഫീൽഡ് അസ്സിസ്റ്റന്റുമാരുടെയും** ജില്ലാ തലത്തിൽ അവർക്ക് വേണ്ട നിർദേശങ്ങൾ നൽകുന്ന **4 ടെക്നോളജി മാനേജരുടെയും** ഡയറക്ടറേറ്റ്

തലത്തിൽ എല്ലാ പ്രവർത്തനങ്ങളും ക്രോഡീകരിക്കുകയും സർക്കാരിലേക്കുള്ള റിപ്പോർട്ടുകൾ തയ്യാറാക്കുകയും ചെയ്യുന്ന **ഒരു ഡാറ്റ എൻട്രി ഓപ്പറേറ്ററുടെയും** സേവനം 2025-26 സാമ്പത്തികവർഷവും ദീർഘിപ്പിച്ചു നൽകണമെന്ന് കൃഷി ഡയറക്ടർ പരാമർശം (11) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ലീഡ്സ് പദ്ധതിയിൽ നിലവിൽ തുടർന്നുവരുന്ന 9 4 ഫീൽഡ് അസ്സിസ്റ്റന്റുമാരും 4 ടെക്നോളജി മാനേജരും ഒരു ഡാറ്റ എൻട്രി ഓപ്പറേറ്ററും ദീർഘനാളായി സേവനം അനുഷ്ഠിച്ചു വരുന്നതായി കാണുന്നതിനാൽ ഫണ്ട് ലഭ്യത ഉറപ്പ് വരുത്തി, നിലവിൽ തുടർന്നു വരുന്ന പ്രസ്തുത ജീവനക്കാരുടെ കാലാവധി 2025 മാർ ച്ച് 3 1 ന് അവസാനിക്കുന്നതിന്റെ തൊട്ടടുത്ത ഒരു ദിവസത്തെ ഇടവേള നല്കി ***2025-26 സാമ്പത്തിക വർഷത്തെ ആദ്യ 3 മാസത്തേക്ക് മാത്രമായി (90 ദിവസം കവിയാതെ)*** തുടർച്ചാനുമതി നൽകിക്കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. എംപ്ലോയ്മെന്റുകളിൽ രജിസ്റ്റർ ചെയ്ത അഭ്യസ്ത വിദ്യരായ കഴിയുന്നത്ര ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ അവസരം ലഭ്യമാക്കേണ്ടത് അനിവാര്യമാണ്. ആയതിനാൽ മൂന്ന് മാസം പൂർത്തിയാകുന്ന മുറക്ക് എല്ലാ കരാർ ജീവനക്കാരെയും ഒഴിവാക്കേണ്ടതും തുടർന്ന് മേൽ പരാമർശിച്ച***3 മാസത്തെ കാലാവധി അവസാനിക്കുന്നതിനു രണ്ടു മാസം മുമ്പ്*** തന്നെ പ്രാദേശിക/ടെക്നിക്കൽ എംപ്ലോയ്മെന്റ് എക്സ്ചെയ്ഞ്ചിൽ നിന്നും ഇന്റർവ്യൂ നടത്തി പിരിച്ചു വിട്ട കരാർ ജീവനക്കാർക്ക് പകരമായി പുതിയ താല്ക്കാലിക ദിവസ വേതന/കരാർ ജീവനക്കാരെ പ്രസ്തുത മൂന്ന് മാസം പൂർത്തിയാകുന്ന തൊട്ടടുത്ത ദിവസം മുതൽ 179 ദിവസത്തേക്കും ഒരു ദിവസത്തെ ഇടവേള നല്കി അടുത്ത 17 9 ദിവസത്തേക്കോ അല്ലെങ്കിൽ പദ്ധതിക്കായി ജീവനക്കാരെ ആവശ്യപ്പെട്ട 2025-26 സാമ്പത്തിക വർഷം അവസാനിക്കുന്നതു വരെയോ ഏതാണോ ആദ്യം സംഭവിക്കുന്നത് അതുവരെ നിയമിക്കാവുന്നതും ദിവസവേതന/കരാർ ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ ഉൾപ്പെടുത്തികൊണ്ട് പുറപ്പെടുവിച്ചിട്ടുള്ള പരാമർശം(2) മുതൽ (6) വരെയുള്ള സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ പാലിക്കേണ്ടതാണ്, **"സ്ഥിരപ്പെടുത്താൻ യാതൊരു അവകാശവാദവും ഉന്നയിക്കുന്നതല്ലെന്ന രേഖാമൂലമുള്ള ഉറപ്പ് വാങ്ങി സൂക്ഷിക്കേണ്ടതാണ്"** എന്നീ വ്യവസ്ഥകളോടെയും നിയമിക്കേണ്ടതുമാണ്. ടി പദ്ധതിയുടെ പിന്നീടുള്ള തുടർച്ചക്കായി ജീവനക്കാരെ ആവശ്യമുള്ള പക്ഷം ***മൂന്ന് മാസം മുമ്പ് തന്നെ*** സർക്കാർ അനുമതിക്കായി ഫണ്ട് ലഭ്യത ഉറപ്പ് വരുത്തി ശിപാർശ ലഭ്യമാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
K SURESHKUMAR
ADDITIONAL SECRETARY

ഡയറക്ടർ, കാർഷിക വികസന കർഷകക്ഷേമ വകുപ്പ്, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ആഡിറ്റ് I / ആഡിറ്റ് II ) കേരള, തിരുവനന്തപുരം.
ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (22.04.2025-ലെ 2387686/ Agri-A2/80/2025-FIN കുറിപ്പ് മുഖേന).
വിവര, പൊതുജനസമ്പർക്ക വകുപ്പ് (വെബ് & ന്യൂസ് മീഡിയ).
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്. (PA2/41/2023-Agri).

ഉത്തരവിൻ പ്രകാരം

Signed by Megha. R
Date: 23-05-2025 11:16:40
സെക്ഷൻ ഓഫീസർ